**ശുചിത്വ മിഷൻ**
**തദ്ദേശസ്വയംഭരണ വകുപ്പ്,**
**കേരള സർക്കാർ**

# അജൈവ പാഴ്‌വസ്തുക്കളുടെ പരിപാലനം
# തരംതിരിക്കലും മൂല്യവർദ്ധനവും



## ഹരിതകർമ്മ സേനാംഗങ്ങൾക്കുള്ള
## പഠന സഹായി

കുടുംബശ്രീ മിഷൻ | ക്ലീൻ കേരള കമ്പനി | ഹരിതകേരളം മിഷൻ | കില | സ്വച്ഛ് ഭാരത് മിഷൻ



ഫ്രീഡം ഫ്രം വേസ്റ്റ് ക്യാമ്പയിൻ – സമ്പൂർണ്ണ ശുചീകരണ യജ്ഞം സംസ്ഥാനതല ഉദ്ഘാടനം കണ്ണൂർ മുൻസിപ്പൽ കോർപ്പറേഷനിൽ ബഹു. മുഖ്യമന്ത്രി **ശ്രീ. പിണറായി വിജയൻ** നിർവ്വഹിക്കുന്നു.



തിരുവനന്തപുരം ജില്ല – പൂവച്ചൽ ഗ്രാമപഞ്ചായത്തിന്റെ എം.സി.എഫ്. ഉത്ഘാടനം ബഹു. തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രി **ശ്രീ. എ.സി. മൊയ്തീൻ** നിർവ്വഹിക്കുന്നു.





**ലോകത്ത് നിങ്ങൾ കാണാനാഗ്രഹിക്കുന്ന മാറ്റത്തിന്റെ**
**തുടക്കം നിങ്ങളിൽ നിന്നാകട്ടെ**

**- മഹാത്മാഗാന്ധി -**

### എഡിറ്റോറിയൽ സമിതി

**ശ്രീമതി. ഡോ.റ്റി.എൻ. സീമ**
എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, ഹരിതകേരളം മിഷൻ

**എസ് ഹരികിഷോർ ഐ.എ.എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ മിഷൻ

**ശ്രീ. മിർ മൊഹമ്മദ് അലി ഐ.എ.എസ്**
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ

**ഡോ: ജോയ് ഇളമൺ**
ഡയറക്ടർ ജനറൽ, കില

**ശ്രീ. കേശവൻ നായർ. പി**
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി

**ശ്രീ. പി.ഡി. ഫിലിപ്പ്**
ഡയറക്ടർ (ഓപ്പറേഷൻസ്), ശുചിത്വമിഷൻ

**ശ്രീ. ബിജോയ് കെ വർഗ്ഗീസ്**
ഡയറക്ടർ (കുടിവെള്ളം), ശുചിത്വമിഷൻ

**ശ്രീ. രഞ്ജു. ആർ.പിള്ള**
ഡയറക്ടർ (SWM) i/c , ശുചിത്വമിഷൻ

**ശ്രീ. എൻ.ജഗജീവൻ**
കൺസൾട്ടന്റ്, ഹരിതകേരളം മിഷൻ

**ശ്രീമതി. അശ്വതി എസ് പിള്ള**
എക്സ്പെർട്ട് ( ഐ ഇ സി ), ശുചിത്വമിഷൻ

**ശ്രീ. ഏബ്രഹാം തോമസ് രഞ്ജിത്ത്**
പ്രോഗ്രാം ഓഫീസർ (ഐ.ഇ.സി), ശുചിത്വമിഷൻ

### സാങ്കേതിക ഉപദേശം

**ശ്രീ. ശ്രീജിത്ത്**
സീനിയർ മാനേജർ, ക്ലീൻ കേരള കമ്പനി

**ശ്രീ. മുഹമ്മദ് ഫൈസൽ കന്നാംമ്പറമ്പിൽ**
കെ.എസ്.എം.എ മുൻ പ്രസിഡന്റ്

**ശ്രീ. സി.കെ. ബാബു**
റിസോഴ്സ് പേഴ്സൺ, ശുചിത്വമിഷൻ, കണ്ണൂർ

### തയ്യാറാക്കിയത്

**ശ്രീ. അമീർഷ. ആർ.എസ്**
പ്രോഗ്രാം ഓഫീസർ (സിസിഡിയു), ശുചിത്വമിഷൻ

### ടൈപ്പിംഗ്

ശ്രീമതി. മീനാകുമാരി, സീനിയർ ടൈപ്പിസ്റ്റ്, ശുചിത്വമിഷൻ
ശ്രീമതി. അനു. എസ്.എസ്, ഡാറ്റാ എൻട്രി ഓപ്പറേറ്റർ, ശുചിത്വമിഷൻ

### ഡിസൈൻ ആന്റ് ലേ ഔട്ട്

ശ്രീ. രജിത്ത് രാജ്, കമ്പ്യൂട്ടർ പ്രോഗ്രാമർ, ശുചിത്വമിഷൻ

കോപ്പികൾ - 40,000
പ്രിന്റിംഗ് - ഗ്രാമലക്ഷ്മി മുദ്രാലയം, കഞ്ചിക്കോട്, പാലക്കാട്
സൗജന്യ വിതരണത്തിന്

## ഉള്ളടക്കം


| ക്രമ നം. | വിഷയം | പേജ് |
|---|---|---|
| 1 | ആമുഖം | 6 |
| 2 | പദ്ധതി | 7 |
| 3 | ലക്ഷ്യം | 7 |
| 4 | നടത്തിപ്പ് | 7 |
| 5 | നിലവിലെ അവസ്ഥ | 7 |
| 6 | എന്താണ് അജൈവ പാഴ്വസ്തുക്കൾ | 7 |
| 7 | വിവിധതരം അജൈവ പാഴ്വസ്തുക്കൾ | 8 |
| 8 | ഇവയുടെ നിലവിലെ സംസ്കരണ രീതി | 8 |
| 9 | കത്തിക്കുകയും വലിച്ചെറിയുകയും ചെയ്താൽ സംഭവിക്കുന്നത് | 8 |
| 10 | പരിഹാരം | 9 |
| 11 | എങ്ങനെ തരംതിരിക്കാം | 9 |
| 12 | പ്രക്രിയ-1 പ്രാഥമിക തരംതിരിക്കൽ വീടുകളിലും സ്ഥാപനങ്ങളിലും | 9 |
| 13 | പ്രക്രിയ-2 അജൈവ പാഴ്വസ്തുക്കളുടെ പ്രാഥമിക തരംതിരിക്കൽ | 9 |
| 14 | പ്രക്രിയ-3 ശേഖരണം | 10 |
| 15 | പ്രക്രിയ-4 മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (മിനി എം.സി.എഫ്.) | 10 |
| 16 | എന്താണ് മിനി എം.സി.എഫ്. | 11 |
| 17 | പ്രക്രിയ-5 എം.സി.എഫ്.-ലെ രണ്ടാംഘട്ട തരംതിരിക്കൽ | 11 |
| 18 | എന്താണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) | 11 |
| 19 | പട്ടിക 2 | 12 |
| 20 | പ്രക്രിയ-6 മൂന്നാംഘട്ട മൂല്യവർദ്ധിത തരംതിരിക്കൽ | 14 |
| 21 | അജൈവ പാഴ്വസ്തുക്കളുടെ ഏകദേശ വിപണിമൂല്യം | 14 |
| 22 | പ്രക്രിയ-7 | 15 |
| 23 | പ്രക്രിയ-8 | 16 |
| 24 | പ്രക്രിയ-9 ആർ.ആർ.എഫ്.-ലേക്ക് കൈമാറ്റം ചെയ്യൽ | 16 |
| 25 | എന്താണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി (ആർ.ആർ.എഫ്.) | 16 |
| 26 | പ്രക്രിയ-10 ആർ.ആർ.എഫ്.-ലെ പ്രവർത്തനങ്ങൾ | 16 |
| 27 | പ്രക്രിയ-11 മൈനസ്വാല്യൂ ഉത്പന്നങ്ങളുടെ കടത്തൽ | 17 |
| 28 | റീസൈക്ലിംഗ് പ്ലാന്റുകളിൽ സംഭവിക്കുന്നത് | 17 |
| 29 | റീസൈക്ലിംഗിനു ശേഷം | 18 |
| 30 | ഹരിതകർമ്മ സേനകൾക്കുള്ള അധിക വരുമാന മാർഗ്ഗങ്ങൾ | 18 |
| 31 | കൊറോണക്കാലത്തെ സുരക്ഷിത മാലിന്യ ശേഖരണം | 19 |
| 32 | അനുബന്ധം | 20 |

# 1. ആമുഖം

44 നദികളാലും 34 കായലുകളാലും 5 ശുദ്ധജല തടാകങ്ങളാലും ലക്ഷക്കണക്കിന് കിണറുകളാലും കുളങ്ങളാലും ചെറുതോടുകളാലും ജലസമ്പുഷ്ടമാണ് നമ്മുടെ കൊച്ചു കേരളം. അതിലുപരിയായി പച്ചവിരിച്ച വയലുകളാലും മലനിരകളാലും മഞ്ഞു നിറഞ്ഞ പുൽമേടുകളാലും ദൈവത്തിന്റെ സ്വന്തം നാട് ഏവർക്കും അസൂയ ഉളവാക്കുന്ന നാടാണ്. എന്നാൽ പ്രകൃതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ചിരുന്ന ശീലത്തിൽ നിന്നും കൃത്രിമ വസ്തുക്കളുടെ ഉപയോഗത്തിലേക്ക് നാം മാറാൻ തുടങ്ങിയ കഴിഞ്ഞ മൂന്ന് പതിറ്റാണ്ടുകൾ മാലിന്യത്തിന്റെ രൂപത്തിൽ അത് കേരളത്തിന്റെ തനത് സൗന്ദര്യം കവരുവാൻ തുടങ്ങി. അതിൽ പ്രധാന പങ്ക് വഹിച്ചത് പ്ലാസ്റ്റിക്ക് എന്ന നിശബ്ദനായ വില്ലനായിരുന്നു. ഉപയോഗിക്കാൻ സൗകര്യപ്രദമായതും ഏതു രൂപത്തിലും മാറ്റാമെന്നതും ഏറ്റവും ചെലവ് കുറഞ്ഞ നിർമ്മാണ രീതിയും നമ്മെ വല്ലാതെ പ്ലാസ്റ്റിക്കിലേക്ക് ആകർഷിച്ചു. പായ്ക്കിംഗ്, ക്യാരിബാഗുകൾ, കളിപ്പാട്ടങ്ങളുടേയും ഉപകരണങ്ങളുടേയും വാഹനങ്ങളുടേയും നിർമ്മാണങ്ങൾ എന്നിവയിൽ ഇന്ന് പ്ലാസ്റ്റിക്ക് ഒഴിച്ചു കൂടാനാകാത്ത ഘടകമായി മാറി.

എന്നാൽ അതിന്റെയെല്ലാം ദുരന്തഫലം മാലിന്യത്തിന്റെ രൂപത്തിൽ നമ്മെ വേട്ടയാടാൻ തുടങ്ങിയപ്പോഴാണ് അതിന്റെ സംസ്കരണത്തെക്കുറിച്ച് നാം ചിന്തിച്ച് തുടങ്ങിയത്. ആയതിന്റെ അടിസ്ഥാനത്തിൽ കേരളത്തെ മാലിന്യമുക്തമാക്കുന്നതിനുവേണ്ടി 2016-ൽ സംസ്ഥാന സർക്കാർ നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായി ആവിഷ്കരിച്ച പദ്ധതിയാണ് **ഹരിതകേരളം മിഷൻ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷൻ**. പ്രസ്തുത പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്ത് മാലിന്യ സംസ്കരണ മേഖലയിൽ ത്വരിതഗതിയിലുള്ള പുരോഗതിയാണ് കൈവന്നിരിക്കുന്നത്. നാളിതുവരെ 880 തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ പാഴ്‌വസ്തു ശേഖരണത്തിനായി ഹരിതകർമ്മസേന സജീവമായി പ്രവർത്തിച്ചു വരുന്നു. ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ ശാസ്ത്രീമായി പരിപാലിക്കുന്നതിനായി 371 മിനി എം.സി.എഫ്കളും, 888 എം.സി. എഫ്കളും, 156 ആർ.ആർ.എഫ്കളും, പ്രസ്തുത പദ്ധതിയുടെ ഭാഗമായി സ്ഥാപിച്ച് പ്രവർത്തിപ്പിച്ച് വരുന്നുണ്ട്. മുപ്പതിനായിരത്തോളം ഹരിതകർമസേനാംഗങ്ങൾ സംസ്ഥാനത്താകമാനം ഈ മേഖലയിൽ പ്രവർത്തിക്കുന്നുണ്ട്. പ്രസ്തുത പദ്ധതിയുടെ കാവലാളുകളായ ഹരിതകർമ്മ സേനാംഗങ്ങൾക്ക് ഈ പരിശീലന കൈപ്പുസ്തകം വളരെയധികം സഹായകരമാകുമെന്ന് കരുതുന്നു.

## 2. പദ്ധതി

ഹരിതകേരളം മിഷൻ – ശുചിത്വ മാലിന്യ സംസ്കരണ ഉപദൗത്യം

## 3. ലക്ഷ്യം

സംസ്ഥാനത്ത് രൂപപ്പെടുന്ന മുഴുവൻ അജൈവ പാഴ്‌വസ്തുക്കളും വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും വൃത്തിയാക്കി, തരംതിരിച്ച് ശേഖരിച്ച് പുനഃചംക്രമണത്തിനോ പുനരുപയോഗത്തിനോ വിധേയമാക്കുക. ജൈവ വസ്തുക്കൾ ഉറവിടത്തിൽ തന്നെ കമ്പോസ്റ്റ് / ബയോഗ്യാസ് ആക്കി മാറ്റുക.

## 4. നടത്തിപ്പ്

ശുചിത്വ മിഷൻ, ക്ലീൻ കേരള കമ്പനി, കുടുംബശ്രീ മിഷൻ – തദ്ദേശസ്വയംഭരണ വകുപ്പ്.

## 5. നിലവിലെ അവസ്ഥ

ഇന്ന് കേരളത്തിൽ പ്രതിദിനം ഏകദേശം 1808 ടൺ അജൈവ പാഴ്‌വസ്തുക്കൾ രൂപപ്പെടുന്നുണ്ട്. ആയതിൽ 400 ടണ്ണും പ്ലാസ്റ്റിക്ക് വസ്തുക്കളാണ്. ഇതിൽ പുനഃചംക്രമണ യോഗ്യമായതും അല്ലാത്തതുമായ വസ്തുക്കളുണ്ട്. ആയതിൽ കട്ടിയുള്ള വസ്തുക്കൾ പാഴ്‌വസ്തു വ്യാപാരികൾ ശേഖരിക്കുകയും പരമാവധി റീസൈക്ലിംഗിനു വിധേയമാക്കപ്പെടുകയും ചെയ്യുന്നുണ്ട്. ഈ മേഖലയിൽ സ്തുത്യർഹമായ സേവനമാണ് കേരളത്തിലെ പാഴ്‌വസ്തു വ്യാപാരി സമൂഹം ചെയ്യുന്നത്. എന്നാൽ കട്ടി കുറഞ്ഞ പ്ലാസ്റ്റിക്ക് വസ്തുക്കൾ അവരും ശേഖരിക്കുന്നില്ല. ബാക്കിയുള്ളവ അശാസ്ത്രീയമായി അതാത് വീടുകളിലും സ്ഥാപനങ്ങളിലും പൊതുയിടങ്ങളിലും കത്തിച്ചുകളയുകയോ വലിച്ചെറിയുകയോ ആണ് ചെയ്യുന്നത്. ഈ അവസ്ഥയ്ക്ക് മാറ്റം വരുത്തി 100 ശതമാനം പാഴ്‌വസ്തുക്കളും പുനരുപയോഗത്തിനോ പുനഃചംക്രമണത്തിനോ വിധേയമാക്കേണ്ടതുണ്ട്.

## 6. എന്താണ് അജൈവ പാഴ്‌വസ്തുക്കൾ

നിത്യോപയോഗ ജീവിതത്തിന്റെ ഭാഗമായി നാം ഉപയോഗിക്കുന്ന വസ്തുക്കളിൽ അഴുകാത്തതും മണ്ണിലലിഞ്ഞ് ചേരാത്തതും തുടർന്ന് ഉപയോഗമില്ലാത്തതുമായ വസ്തുക്കളെ അജൈവ പാഴ്‌വസ്തുക്കളെന്ന് വിളിക്കാം. ഇവയുടെ ഉപയോഗ ശേഷം നമുക്കാവശ്യമില്ലാതെ വരുമ്പോഴാണ് ഇത് പാഴ്‌വസ്തുക്കളായി മാറുന്നത്. എന്നാൽ നമുക്കുപയോഗമില്ലെങ്കിലും അവ അതേ അവസ്ഥയിലോ ഘടനയിൽ മാറ്റം വരുത്തിയോ വീണ്ടും ഉപയോഗപ്രദമാക്കുവാൻ സാധിക്കും.



നിത്യോപയോഗത്തിന്റെ ഭാഗമായി രൂപപ്പെടുന്ന പാഴ്‌വസ്തുക്കൾ

## 7. വിവിധതരം അജൈവ പാഴ്‌വസ്തുക്കൾ പട്ടിക - 1

| എന്തിനെയൊക്കെ അജൈവ പാഴ്‌വസ്തുക്കളെന്ന് വിളിക്കാം | ഇവ നിർമ്മിക്കുന്ന തിനുള്ള അസംസ്കൃത വസ്തുക്കൾ |
|---|---|
| ഉപയോഗ ശൂന്യമായ പായ്ക്കിംഗ് വസ്തുക്കൾ, പ്ലാസ്റ്റിക്ക് ക്യാരി ബാഗുകൾ, ബോട്ടിലുകൾ, പൊട്ടിയ ഫർണിച്ചറുകൾ, പൊട്ടിയ പാത്രങ്ങൾ, കളിപ്പാട്ടങ്ങൾ, ബ്രഷ്, ടംങ്ക്ലീനർ, ടൂത്ത് പേസ്റ്റ് കവർ, പാൽ കവർ, എണ്ണ കവർ, സ്പ്രേ/ഷാംപൂ ബോട്ടിലുകൾ, മരുന്ന് സ്ട്രിപ്പുകൾ, മൾട്ടി ലെയർ / കട്ടികുറഞ്ഞ കവറുകൾ, തെർമോക്കോൾ, കാനുകൾ, പൊട്ടിയ ബക്കറ്റുകൾ, സൗന്ദര്യവർദ്ധക വസ്തുക്കളുടെ പായ്ക്കുകൾ, അണുനാശിനിയുടെ ബോട്ടിലുകൾ | 1. വിവിധ തരം പ്ലാസ്റ്റിക്കുകൾ<br>2. ഇരുമ്പ്<br>3. അലൂമിനിയം<br>4. സ്റ്റീൽ<br>5. ചെമ്പ്<br>6. പേപ്പർ<br>7. റബ്ബർ<br>8. തുകൽ<br>9. ഗ്ലാസ്സ്<br>10. തടി |
| മദ്യ / ബിയർ കുപ്പികൾ, ചില്ല് തുടങ്ങിയവ | |
| കാർഡ് ബോർഡുകൾ, പത്രങ്ങൾ, മാഗസീനുകൾ | |
| ട്യൂബ്, ബൾബ്, കേടായ ഇലക്ട്രോണിക്സ്/ ഇലക്ട്രിക്കൽ ഉപകരണങ്ങൾ, ബാറ്ററികൾ | |
| ചെരുപ്പ്, ബാഗ്, തുകൽ, ബെൽറ്റ് | |
| ടയർ, റബ്ബർ വസ്തുക്കൾ | |

## 8. ഇവയുടെ നിലവിലെ സംസ്കരണ രീതി

- കട്ടിയുള്ളതും വില കൂടിയതുമായ വസ്തുക്കൾ പാഴ്‌വസ്തു വ്യാപാരികൾക്ക് വിൽക്കുന്നു.
- കട്ടികുറഞ്ഞതും വിലകിട്ടാത്തതുമായ വസ്തുക്കൾ കത്തിക്കുന്നു.
- അല്ലെങ്കിൽ കവറിൽ കെട്ടി വലിച്ചെറിയുന്നു, കുഴിച്ചിടുന്നു.

## 9. കത്തിക്കുകയും വലിച്ചെറിയുകയും ചെയ്താൽ സംഭവിക്കുന്നത്

- ദിവസേന രൂപപ്പെടുന്ന പാഴ്‌വസ്തുക്കളിൽ 80 ശതമാനവും കട്ടികുറഞ്ഞ വില കിട്ടാത്ത വസ്തുക്കളാണ്. ഇവ കത്തിക്കുമ്പോൾ പുറത്തേയ്ക്ക് വരുന്ന പുക ശ്വസിച്ചാൽ ക്യാൻസർ, ശ്വാസകോശ സംബന്ധമായ രോഗങ്ങൾ എന്നിവ മനുഷ്യർക്കും മൃഗങ്ങൾക്കുമുണ്ടാകും.
- വലിച്ചെറിഞ്ഞാൽ അത് മണ്ണിനെയും ജലത്തിനെയും മലിനമാക്കും.
- അത്തരം ഇടങ്ങളിൽ പിന്നീട് കൃഷി സാധ്യമല്ലാതെ വരും.
- മണ്ണിനടിയിൽ പ്ലാസ്റ്റിക്ക് അടിഞ്ഞ് കൂടി മഴവെള്ളം മണ്ണിലേക്ക് താഴാതെ വെള്ളപ്പൊക്കത്തിനും ജലക്ഷാമത്തിനും കാരണമാകും.

➢ പകർച്ചവ്യാധികൾ വർദ്ധിക്കുകയും ക്ഷുദ്രജീവികളുടെ ശല്യം കൂടുകയും ചെയ്യും.

➢ വിനാശകാരികളായ വിവിധതരം വൈറസുകൾ രൂപപ്പെടുന്നതിനും പകരുന്നതിനും കാരണമാകും.

➢ നദികളും പുഴകളും തോടുകളും കടലും മലിനമാകും. അവയിലെ ജീവജാലങ്ങൾ നശിപ്പിക്കപ്പെടും.

➢ ഭൂമിയിൽ ജീവന്റെ നിലനിൽപ്പിനു തന്നെ ഇത് ഭീഷണിയായിത്തീരും.

## 10. പരിഹാരം

❖ പുനഃചംക്രമണ സാധ്യമല്ലാത്ത വസ്തുക്കളുടെ ഉപയോഗം കുറയ്ക്കൽ /ഒഴിവാക്കൽ തരംതിരിക്കൽ

❖ അഴുകുന്നതും അഴുകാത്തതും തരംതിരിക്കൽ

❖ അഴുകാത്തവയിൽ പുനഃചംക്രമണ / പുനരുപയോഗ സാധ്യതയുള്ള വസ്തുക്കൾ ഉപയോഗശേഷം വൃത്തിയാക്കി തരംതിരിച്ച് സൂക്ഷിക്കൽ

❖ അവ ഹരിത കർമ്മ സേനയ്ക്ക് യൂസർ ഫീ നൽകി കൈമാറൽ

❖ ശേഖരണം, സംഭരണം (തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ)

❖ പുനരുപയോഗം, പുനഃചംക്രമണം, ശാസ്ത്രീയമായ സംസ്കരണം

## 11. എങ്ങനെ തരംതിരിക്കാം

✓ **പ്രക്രിയ-1 പ്രാഥമിക തരംതിരിക്കൽ :- വീടുകളിലും സ്ഥാപനങ്ങളിലും**

വീടുകളിൽ / സ്ഥാപനങ്ങളിൽ അഴുകുന്ന മാലിന്യങ്ങളുമായി കൂടിക്കലരാതെ അജൈവ പാഴ്‌വസ്തുക്കൾ വൃത്തിയാക്കി വയ്ക്കൽ (ഇതിനായി ഹരിതകർമ്മസേന ബോധവത്കരണം നടത്തണം)

**1. അഴുകുന്നത്** **2. അഴുകാത്തത്**







✓ **പ്രക്രിയ-2 അജൈവ പാഴ് വസ്തുക്കളുടെ പ്രാഥമിക തരം തിരിക്കൽ :-**

**വീടുകളിലും സ്ഥാപനങ്ങളിലും**

വീടുകൾ/ സ്ഥാപനങ്ങളിൽ പ്ലാസ്റ്റിക്ക്, പേപ്പർ, ലോഹങ്ങൾ, ചില്ല്, ഇ-മാലിന്യം, തുകൽ വസ്തുക്കൾ എന്നിങ്ങനെ തരംതിരിച്ച് സൂക്ഷിക്കൽ (ഇതിനായി ഹരിതകർമ്മസേന ബോധ വത്കരണം നടത്തണം)



✓ **പ്രക്രിയ-3 ശേഖരണം :- വീടുകളിൽ നിന്നും സ്ഥാപനങ്ങളിൽ നിന്നും**

ക്ലീൻ കേരള കമ്പനി നൽകിയിരിക്കുന്ന കലണ്ടർ പ്രകാരം ഹരിതകർമ്മസേന വീടുകളിലും സ്ഥാപനങ്ങളിലും എത്തി ശേഖരണം നടത്തൽ (അനുബന്ധം-1 കാണുക)






ഹരിത കർമ്മ സേന വീടുകളിലും സ്ഥാപനങ്ങളിലും
പാഴ്വസ്തു ശേഖരണവും, ബോധവത്ക്കരണവും നടത്തുന്നു.

✓ **പ്രക്രിയ-4 താല്ക്കാലിക സംഭരണം മിനി മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ (മിനി എം.സി.എഫ്.)**

ശേഖരിക്കുന്ന വസ്തുക്കൾ മിനി എം.സി.എഫ്.-ൽ, സൂക്ഷിക്കൽ, അവ നിറയുമ്പോൾ അവിടെ നിന്നും മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.) യിലേക്ക് എത്തിക്കൽ




ഹരിത കർമ്മ സേന പാഴ്വസ്തുക്കൾ നീക്കം ചെയ്യുന്നു.

## എന്താണ് മിനി എം.സി.എഫ്.

ഹരിതകർമ്മസേന ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ താത്ക്കാലികമായി സംഭരിച്ച് വയ്ക്കുന്നതിന് വാർഡ് അടിസ്ഥാനത്തിൽ സ്ഥാപിക്കുന്ന ക്യാബിനുകളെ മിനി എം.സി.എഫ്. എന്ന് വിളിക്കാം.

### ✓ പ്രക്രിയ–5 എം.സി.എഫ്. – ലെ രണ്ടാംഘട്ട തരംതിരിക്കൽ ഃ–

## എന്താണ് മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി (എം.സി.എഫ്.)

മിനി എം.സി.എഫ്.കളിൽ നിന്നും ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ രണ്ടാംഘട്ട മൂല്യവർദ്ധിത തരംതിരിക്കലിന് വിധേയമാക്കുന്ന കേന്ദ്രങ്ങളാണ് എം.സി.എഫ്. കൾ. 500 മുതൽ 1500 വരെ ചതുരശ്ര അടി വലിപ്പമുള്ള ഷെഡ്ഡുകളാണ് എം.സി.എഫ്.കൾ.




### 1. പുന.ചക്രമണ യോഗ്യമായത്

കട്ടിയുള്ള പ്ലാസ്റ്റിക് കവറുകൾ, പായ്ക്കിംഗ് വസ്തുക്കൾ, കുപ്പികൾ, ടിൻ പൊട്ടിയ ഫർണീച്ചറുകൾ, ചില്ല്, ലോഹം, പേപ്പർ, ഈ–മാലിന്യം തുടങ്ങിയവ.

### 2. പുന.ചക്രമണ യോഗ്യമല്ലാത്തത്

മൾട്ടി ലെയർ / ടെട്രാ പാക്കുകൾ, തീരെ കട്ടി കുറഞ്ഞ പ്ലാസ്റ്റിക് വസ്തുക്കൾ, തെർമോക്കോൾ, ചെരുപ്പ്, ബാഗ് തുടങ്ങിയവ.

**എം.സി.എഫ്.ലേക്ക് കൊണ്ടുവരാൻ പാടില്ലാത്ത വസ്തുക്കൾ ഏതൊക്കെയെന്നറിയുന്നതിന് അനുബന്ധത്തിലെ പേജ്–26 കാണുക.**

- → ലഭിക്കുന്ന അജൈവ പാഴ്‌വസ്തുക്കൾ മൂല്യവർദ്ധിത വസ്തുക്കളാകുന്നത് എം.സി. എഫ്.–ലെ രണ്ടാം ഘട്ട തരംതിരിക്കലിന് ശേഷമാണ്.
- → പട്ടിക – 1 ൽ സൂചിപ്പിച്ച പ്രകാരം പാഴ്‌വസ്തുക്കൾ നിർമ്മിക്കുവാൻ ഉപയോഗിക്കുന്ന അസംസ്കൃത വസ്തുക്കളുടെ അടിസ്ഥാനത്തിലും വിപണി മൂല്യത്തിനനുസരിച്ചും എം.സി.എഫ്.ൽ രണ്ടാംഘട്ട തരംതിരിക്കൽ ചെയ്യാവുന്നതാണ്. ചുവടെയുള്ള പട്ടിക പ്രകാരം പാഴ്‌വസ്തുക്കൾ തരംതിരിക്കേണ്ടതാണ്.

ഉദാഃ-

പട്ടിക - 2

| ക്രമ നം. | അസംസ്കൃത വസ്തു | ഉൽപ്പന്നം | ഫോട്ടോ |
|---|---|---|---|
| 1 | വിവിധതരം പ്ലാസ്റ്റിക്കുകൾ ഃ- | | |
| | 1 PET | മിനറൽ വാട്ടർ ബോട്ടിലുകൾ, ജ്യൂസ് ബോട്ടിലുകൾ, ഹാൻഡ് വാഷ് ബോട്ടിലുകൾ, ലോഷൻ ബോട്ടിലുകൾ |  |
| | 2 HDPE | എഞ്ചിനോയിൽ ബോട്ടിലുകൾ, ആസിഡ് ബോട്ടിലുകൾ, കട്ടികൂടിയ ബോക്സുകൾ, പ്ലാസ്റ്റിക്ക് ഫർണിച്ചറുകൾ, ടാങ്കുകൾ തുടങ്ങിയവ |  |
| | 3 PVC | പൈപ്പുകൾ, കുഴലുകൾ, ടാങ്കുകൾ തുടങ്ങിയവ |  |
| | 4 LDPE | കവറുകൾ, പാൽക്കവറുകൾ, എണ്ണക്കവറുകൾ, മറ്റ് വഴക്കമുള്ള കവറുകൾ |  |
| | 5 PP | പായ്ക്കിംഗ് കവറുകൾ, ബോക്സുകൾ, ബോട്ടിലുകൾ, ഐസ്ക്രീം പായ്ക്കുകൾ, വാട്ടർ ബോട്ടിലുകൾ |  |
| | 6 PS | തെർമോക്കോൾ, സ്റ്റൈറോഫോം പാത്രങ്ങൾ, ഡിസ്പോസിബിൾ കവറുകൾ, പാത്രങ്ങൾ തുടങ്ങിയവ |  |
| | 7 മറ്റുള്ളവ | വിവിധതരം പ്ലാസ്റ്റിക്ക് വസ്തുക്കൾ കൂട്ടിക്കലർത്തി നിർമ്മിക്കുന്ന ഉത്പന്നങ്ങൾ (ഉദാഃ- പോളി കാർബണേറ്റ്, അക്രലിക് തുടങ്ങിയവ) |  |

| | | | |
|---|---|---|---|
| 2 | ഇരുമ്പ് | തകിട്, ടിൻ, കാൻ, വീട്ട് ഉപകരണങ്ങൾ, കേടായ ഫർണ്ണിച്ചറുകൾ, ബോട്ടിൽ, പാട്ട തുടങ്ങിയവ |  |
| 3 | അലുമിനിയം | പാത്രങ്ങൾ, ടിന്നുകൾ, നിർമ്മാണ സാമഗ്രികൾ |  |
| 4 | സ്റ്റീൽ | പാത്രങ്ങൾ, ടിന്നുകൾ, ഉപകരണങ്ങൾ, നിർമ്മാണ സാമഗ്രികൾ |  |
| 5 | ചെമ്പ് | പാത്രങ്ങൾ, ഉപകരണങ്ങൾ, ഉപകരണങ്ങളുടെ ഭാഗങ്ങൾ |  |
| 6 | പേപ്പർ | പത്രങ്ങൾ, നോട്ട് ബുക്കുകൾ, നോട്ടീസ്, മാഗസിനുകൾ, ഹാർഡ് ബോർഡ് തുടങ്ങിയവ |  |
| 7 | റബ്ബർ | ചെരുപ്പ്, ഉപകരണങ്ങൾ, അടുക്കള സാമഗ്രികൾ, വാഹനങ്ങളുടെ ഭാഗങ്ങൾ |  |
| 8 | തുകൽ | ബാഗ്, ചെരുപ്പ്, ഷൂസ്, ബെൽറ്റ് തുടങ്ങിയവ |  |
| 9 | ചില്ല് | ഗ്ലാസ്സ് ബോട്ടിലുകൾ, ബിയർ/ മദ്യ കുപ്പികൾ, കണ്ണാടി, മറ്റ് ഗ്ലാസ്സ് ഉൽപന്നങ്ങൾ |  |
| 10 | തടി | ഫർണ്ണിച്ചറുകൾ, ഉപകരണങ്ങൾ, വിറക്, ചിരട്ട തുടങ്ങിയവ |  |
| 11 | ഇ- മാലിന്യം | ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഉത്പന്നങ്ങൾ |  |

### ✓ പ്രക്രിയ-6 മൂന്നാംഘട്ടത്തിലെ മൂല്യവർദ്ധിത തരംതിരിക്കൽ :-

ശേഖരണ പ്രക്രിയയുടെ ഭാഗമായി ലഭിക്കുന്ന വസ്തുക്കളിൽ 80 ശതമാനവും പ്ലാസ്റ്റിക്ക് വസ്തുക്കളായിരിക്കും. ആയതിനാൽ അവയെ കൂടുതൽ തരംതിരിക്കലിന് വിധേയമാക്കേണ്ടതുണ്ട്. കാരണം, ഇവയുടെ വലിപ്പം, കട്ടി, ഗുണനിലവാരം എന്നിവയ്ക്കനുസരിച്ച് വിപണി മൂല്യത്തിൽ വ്യത്യാസം വരുന്നുണ്ട്. ആയതിനാൽ ഇത്തരം വസ്തുക്കൾ റീസൈക്ലിംഗ് ചെയ്യുന്ന പ്ലാന്റുകളുടെ പ്രവർത്തനരീതിയ്ക്കനുസരിച്ച് എത്രത്തോളം നൽകുന്നോ അത്രയും കൂടുതൽ വരുമാനം നേടാൻ സാധിക്കുന്നതാണ്.
ചുവടെ കൊടുക്കുന്ന പട്ടിക ശ്രദ്ധിക്കുക

## അജൈവ പാഴ്‌വസ്തുക്കളുടെ ഏകദേശ വിപണി മൂല്യം

പട്ടിക - 3

| ക്രമ നം. | വിഭാഗം | ഇനം | ഏകദേശ വിപണി മൂല്യം* (Rs./Kg) |
|---|---|---|---|
| 1. | I | മൈനസ് വാല്യൂ വസ്തുക്കൾ (വില ലഭിക്കാത്തതോ പണം അങ്ങോട്ട് നൽകി സംസ്കരിക്കേണ്ടതോ ആയ വസ്തുക്കൾ) | ഇവ സിമന്റ് ഫാക്ടറികൾ/ മസയന്റിഫിക് ലാന്റ് ഫിൽ കേന്ദ്രങ്ങളിലേയ്ക്ക് അയയ്ക്കപ്പെടുന്നു ** |
| 2. | II | LDPE | 10 |
| | | HDPE | 7 |
| | | HMP | 10 |
| | | PP | 15 |
| | | കവറുകളിൽ പ്രിന്റിംഗ് ഉള്ളതും ഇല്ലാത്തതും തരംതിരിക്കേണ്ടതാണ്. പ്രിന്റിംഗ് ഇല്ലാത്ത കവറുകൾക്ക് കൂടുതൽ തുക ലഭിക്കുന്നതാണ്. | |
| | | PET ബോട്ടിലുകൾ | 10 |
| | | കട്ടിയുള്ള പ്ലാസ്റ്റിക്കുകൾ | 5 |
| | | അലുമിനിയം കാനുകൾ | 30 |
| 3. | III | വാഹനങ്ങളുടെ ടയർ | 1 |
| | | ഉടഞ്ഞ ചില്ലുകൾ | 0.5 |
| | | സ്റ്റെയിൻലെസ്സ് സ്റ്റീൽ വസ്തുക്കൾ | 15 |
| | | ഇരുമ്പ് | 15 |
| | | ഇരുമ്പ് ഷീറ്റ് | 8 |
| | | ഇരുമ്പ് ടിൻ വസ്തുക്കൾ | 3 |

| | | | |
|---|---|---|---|
| | | അലുമിനിയം സ്ക്രാപ്പുകൾ | 70 |
| | | കാർഡ് ബോർഡ് | 3 |
| | | ന്യൂസ് പേപ്പർ | 9 |
| | | നോട്ട്ബുക്കുകൾ, ടെക്സ്റ്റ് ബുക്കുകൾ | 5 |
| | | വേസ്റ്റ് പേപ്പർ | 5 |
| 4. | IV | മറ്റ് ഇ-മാലിന്യങ്ങൾ | വില ഇനത്തിന നുസരിച്ച് വ്യത്യാസപ്പെടും |
| 5. | V | ടയർ | 1 |
| | | റബ്ബർ ട്യൂബ് | 8 |
| 6. | VI | വെങ്കല ഉത്പന്നങ്ങൾ | 210 |
| | | ചെമ്പ് ഉത്പന്നങ്ങൾ | 280 |
| * പെട്രോളിയത്തിന്റേയും ഉപ ഉൽപന്നങ്ങളുടേയും മാർക്കറ്റ് വിലയിൽ വരുന്ന മാറ്റങ്ങൾക്കനുസൃതമായി പ്ലാസ്റ്റിക് പാഴ്വസ്തുക്കളുടെ വിലയിലും ഏറ്റക്കുറച്ചിലുകൾ ഉണ്ടാകുന്നതാണ്. | | | |
| ** മൈനസ് വാല്യൂ വസ്തുക്കൾ കടത്തുന്നതിനുള്ള ചെലവ് തുക നിലവിലെ സർക്കാർ ഉത്തരവുകൾക്ക് വിധേയമായി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വഹിക്കേണ്ടതാണ്. | | | |

മൂല്യവർദ്ധിത തരംതിരിക്കലിനു ശേഷം ഒരു നിശ്ചിത വിഭാഗം വസ്തുക്കൾ മുകളിൽ സൂചിപ്പിച്ച ഒരു വിഭാഗത്തിലും ഉൾപ്പെടാത്തതായി ഉണ്ടാകും. അത് പുനഃചംക്രമണ സാധ്യമല്ലാത്ത വസ്തുക്കളാണ്. ഉദാഃ കട്ടികുറഞ്ഞ ക്യാരിബാഗുകൾ, കവറുകൾ, മൾട്ടിലെയർ / ടെട്രാ പായ്ക്കുകൾ, ഗുളിക സ്ട്രിപ്പ്, തെർമോക്കോൾ തുടങ്ങിയവയും നിർമ്മാണ സമയത്ത് ഒന്നിലധികം അസംസ്കൃത വസ്തുക്കൾ ഉപയോഗിച്ച് നിർമ്മിച്ച ഉത്പന്നങ്ങൾ (ഉദാഃ ചെരുപ്പ്, ബാഗ് തുടങ്ങിയവ) എന്നിവയുമാണ്. ഇവ പുന.ചക്രമണ സാധ്യമല്ലാത്തതിനാൽ പ്രസ്തുത വസ്തുക്കൾ വിപണിയിൽ മൈനസ് മൂല്യമാണുള്ളത്. ആയതിനാൽ അവയെ പുനരുപയോഗിക്കുന്നതിനുള്ള സാധ്യതകൾ പരിശോധിക്കാം.







മൾട്ടിലെയർ / ടെട്രാ പായ്ക്കുകൾ ചെരുപ്പ്, തുകൽ, ബാഗ്

✓ **പ്രക്രിയ-7 ഃ- കട്ടികുറഞ്ഞ പ്ലാസ്റ്റിക്ക് വസ്തുക്കൾ** (ഉദാഃ കട്ടികുറഞ്ഞ ക്യാരിബാഗുകൾ, കവറുകൾ, മൾട്ടിലെയർ / ടെട്രാ പായ്ക്കുകൾ, ഗുളിക സ്ട്രിപ്പ്) പ്രത്യേകം തരംതിരിച്ച് ചാക്കുകളിലാക്കി അവ ഷ്രെഡ്ഡ് ചെയ്ത് റോഡ് ടാറിംഗിനായി ഉപയോഗിക്കുന്നതിലേക്കാ

യി ആർ.ആർ.എഫ്.-ലേക്ക് മാറ്റാവുന്നതാണ്. അതോടെ അവ മൂല്യവർദ്ധിത ഉത്പന്നങ്ങളായി മാറ്റും.

✓ **പ്രക്രിയ-8 ഃ- റിജക്ട് വസ്തുക്കളായ ചെരുപ്പ്, ബാഗ്, മൂല്യമില്ലാത്ത മറ്റ് വസ്തുക്കൾ തുടങ്ങിവയാണ് ബാക്കി ഉണ്ടാകുക. ഇവയിൽ നിന്നും മൂല്യമുള്ള വസ്തുക്കൾ വീണ്ടും മാറ്റാവുന്നതാണ്.**

ഉദാഃ 1 - ചിലയിനം ചെരുപ്പുകളുടെ പുറംചട്ട ലെതർ ആയിരിക്കും, സോൾ പുനഃചംക്രമണം ചെയ്യാവുന്ന പ്ലാസ്റ്റിക്കായിരിക്കും.

ഉദാഃ 2 - ചിലയിനം ബാഗുകളിൽ ആഡംബരം വരുത്തുന്നതിന്റെ ഭാഗമായി ലോഹ ക്ലിപ്പുകൾ, മറ്റ് മെറ്റലുകൾ എന്നിവ ഉപയോഗിക്കാറുണ്ട്. ഇവ ഊരിമാറ്റി വിപണി മൂല്യത്തിനനുസരിച്ച് തരംതിരിച്ച് കൈകാര്യം ചെയ്യാവുന്നതാണ്. ശേഷം ബാക്കി വരുന്നവ സിമന്റ് ഫാക്ടറികളിലോ ശാസ്ത്രീയ ലാന്റ് ഫില്ലിംഗ് കേന്ദ്രങ്ങളിലേക്കോ സംസ്കരണത്തിനായി അയയ്ക്കാവുന്നതാണ്.

✓ **പ്രക്രിയ-9 ഃ- ആർ.ആർ.എഫ്.-ലേക്ക് കൈമാറ്റം ചെയ്യൽ**

### എന്താണ് റിസോഴ്സ് റിക്കവറി ഫെസിലിറ്റി

എം.സി.എഫ്.കളിൽ നിന്നും രണ്ടാംഘട്ട തരംതിരിക്കലിനു ശേഷം ഇനം തിരിച്ച് ലഭിക്കുന്ന പാഴ്വസ്തുക്കൾ സൂക്ഷിക്കുന്നതിനും അതിൽ നിന്നും പുനഃചംക്രമണം ചെയ്യേണ്ട വസ്തുക്കൾ ബെയിലിംഗിനു വിധേയമാക്കുന്നതിനും പുനഃചംക്രമണത്തിനു വിധേയമല്ലാത്ത പ്ലാസ്റ്റിക്ക് വസ്തുക്കൾ ഷ്രെഡ്സ് ചെയ്യുന്നതിനുമുള്ള യന്ത്രസംവിധാനത്തോടു കൂടിയ കെട്ടിടമാണ് ആർ.ആർ.എഫ്.

- മാർക്കറ്റ് വിലയനുസരിച്ച് തരംതിരിച്ച പുനഃചംക്രമണ സാധ്യതയുള്ള വസ്തുക്കൾ പ്രത്യേകം ചാക്കുകളിലാക്കി എം.സി.എഫ്.-ൽ നിന്നും ആർ.ആർ.എഫ്.-കളിലേക്ക് നീക്കം ചെയ്യാവുന്നതാണ്.
- പുനഃചംക്രമണ യോഗ്യമല്ലാത്ത ഷ്രെഡ്സ് ചെയ്യേണ്ട പ്ലാസ്റ്റിക്കുകൾ പ്രത്യേകം ചാക്കുകളിലാക്കി ആർ.ആർ.എഫ്.-കളിലേക്ക് നീക്കാവുന്നതാണ്.
- പുനഃചംക്രമണ/പുനരുപയോഗ യോഗ്യമല്ലാത്ത എല്ലാ വസ്തുക്കളും (റിജക്ട്സ്) ബെയിൽ ചെയ്ത് ശാസ്ത്രീയ സംസ്കരണത്തിനായി സിമന്റ് ഫ്കറിയിലേക്കോ ലാന്റ് ഫിൽ കേന്ദ്രത്തിലേക്കോ അയയ്ക്കുന്നതിന് ആർ.ആർ.എഫ്.-ലേക്ക് കൈമാറാവുന്നതാണ്.

✓ **പ്രക്രിയ-10 ഃ- ആർ.ആർ.എഫ്.-ലെ പ്രവർത്തനങ്ങൾ**

➢ ആർ.ആർ.എഫ്.-കളിൽ പ്രധാനമായും രണ്ട് പ്രവർത്തനങ്ങളാണ് നടക്കുക

1. ഷ്രെഡ്ഡിംഗ്



2. ബെയിലിംഗ്



- ➢ പുനഃചംക്രമണ സാധ്യമല്ലാത്ത പ്ലാസ്റ്റിക്ക് വസ്തുക്കൾ ഷ്രെഡ്സ് ചെയ്ത് കിലോഗ്രാമിന് ക്ലീൻ കേരള കമ്പനി നിശ്ചയിച്ച നിരക്കിൽ തദ്ദേശസ്വയംഭരണ വകുപ്പ്, പൊതുമരാമത്ത് വകുപ്പ്, ദേശീയപാതാ സാങ്കേതിക വിഭാഗം എന്നിവർക്ക് കൈമാറേണ്ടതാണ്.
- ➢ പുനഃചംക്രമണത്തിനായി റീസൈക്ലിംഗ് പ്ലാന്റുകളിലേയ്ക്ക് അയക്കേണ്ട മൂല്യവർദ്ധിത പാഴ്വസ്തുക്കൾ ഇനം തിരിച്ച് തന്നെ ബെയ്ൽ ചെയ്ത് മാറ്റേണ്ടതുണ്ട്.
- ➢ ട്രാൻസ്പോർട്ടേഷൻ സമയത്ത് ഇനങ്ങൾ തമ്മിൽ കൂടിക്കലരാതിരിക്കുന്നതിനും കൂടുതൽ അളവ് പാഴ്വസ്തുക്കൾ ഒരേ സമയം കൊണ്ടുപോകുന്നതിനും ബെയ്‌ലിംഗ് അനിവാര്യമാണ്.

**✓ പ്രക്രിയ-11 :- മൈനസ്‌വാല്യൂ ഉത്പന്നങ്ങളുടെ കടത്തൽ (റിജക്ട്സ്)**

ചെരുപ്പ്, ബാഗ്, ഗുളിക സ്ട്രിപ്പുകൾ, തെർമോക്കോൾ, മറ്റ് റിജക്ട് വസ്തുക്കൾ എന്നിവയാണ് മൈനസ് വാല്യൂ വസ്തുക്കൾ.

പുനഃചംക്രമണം, പുനരുപയോഗം എന്നിവ ചെയ്യാൻ സാധിക്കാത്ത ഇത്തരം വസ്തുക്കൾ സിമന്റ് ഫാക്ടറികളിൽ ഇന്ധനമാക്കുന്നതിനോ സാനിട്ടറി ലാന്റ് ഫില്ലിംഗിനോ ആയി ബന്ധപ്പെട്ട കമ്പനികൾ / ഏജൻസികളുമായി കരാർ ഉണ്ടാക്കി കൈമാറ്റം ചെയ്യാവുന്നതാണ്.

(ഇതിൽ നിന്നും വരുമാനം ലഭിക്കുന്നതല്ല. ചില സാഹചര്യങ്ങളിൽ തുക അങ്ങോട്ട് നൽകേണ്ടതായും വരാം.)





## 12. റീസൈക്ലിംഗ് പ്ലാന്റുകളിൽ സംഭവിക്കുന്നത്.

ആർ.ആർ.എഫ്.-കളിൽ നിന്നും കയറ്റി അയയ്ക്കപ്പെടുന്ന പുനഃചംക്രമണ യോഗ്യമായ വസ്തുക്കൾ എത്തിച്ചേരുന്നത് റീസൈക്ലിംഗ് പ്ലാന്റുകളിലാണ്. കയറ്റി അയയ്ക്കുന്ന എല്ലാ വസ്തുക്കളും ഒരേ പ്ലാന്റിൽ തന്നെ റീസൈക്കിൾ ചെയ്യണമെന്നില്ല. പാഴ്വസ്തുക്കൾ നിർമ്മിച്ചിട്ടുള്ള അസംസ്കൃത വസ്തുക്കളുടെ വിഭാഗത്തിനനുസരിച്ചുള്ള സാങ്കേതിക വിദ്യയിൽ പ്രവർത്തിക്കുന്ന വിവിധതരം പ്ലാന്റുകളിലായിരിക്കും പുനഃചക്രമണം നടത്തപ്പെടുക. ശേഷം അവ ഉത്പന്നങ്ങളോ ഉത്പന്ന നിർമ്മാണത്തിനുള്ള അസംസ്കൃത വസ്തുവായോ ആക്കി മാറ്റുന്നതാണ്.


- പ്ലാസ്റ്റിക്ക്, ലോഹങ്ങൾ, ഇ-മാലിന്യം എന്നിവ പ്രത്യേകം സാങ്കേതിക വിദ്യകളിലാണ് റീസൈക്ലിംഗ് ചെയ്യപ്പെടുന്നത്.
- ഓരോ വസ്തുക്കളുടേയും മെൽറ്റിംഗ് പോയിന്റിനനുസരിച്ച് (ഉരുകുന്നതിനുള്ള താപനില) പ്രത്യേകം സാങ്കേതിക വിദ്യ ഉപയോഗിച്ചായിരിക്കും റീസൈക്ലിംഗ് പ്രത്യേകം നടത്തപ്പെടുന്നത്.

## 13. റീസൈക്ലിംഗിനു ശേഷം

റീസൈക്ലിംഗിന് ശേഷം ഇവ പുതിയ ഉത്പന്നങ്ങളാക്കുന്നതിനുള്ള അസംസ്കൃത വസ്തുക്കളായിട്ടോ ഉത്പന്നങ്ങളായിട്ടോ ആയിരിക്കും രൂപാന്തരണം വരുത്തുക.





## 14. ഹരിതകർമ്മ സേനകൾക്കുള്ള അധിക വരുമാന മാർഗ്ഗങ്ങൾ

വീടുകൾ / സ്ഥാപനങ്ങളിൽ നിന്നുമുള്ള അജൈവ പാഴ്‌വസ്തുക്കൾ ശേഖരണത്തിന് ലഭിക്കുന്ന യൂസർഫീ, പാഴ്‌വസ്തുക്കൾ വിൽക്കുമ്പോൾ ലഭിക്കുന്ന തുക എന്നിവയ്ക്ക് പുറമേ നിരവധി അധിക വരുമാന സാധ്യതകൾ കണ്ടെത്താവുന്നതാണ്. അവ ചുവടെ കൊടുക്കുന്നു.

1. തുണി സഞ്ചി ,ബാഗ്, പേഴ്സ് നിർമ്മാണം.
2. തുണി മാസ്ക് നിർമ്മാണം.

3. പോർട്ടബിൾ ശുചിമുറികൾ വാടകയ്ക്ക് കൊടുക്കൽ.

4. ഗ്രീൻപ്രോട്ടോക്കോൾ യൂണിറ്റുകൾ സജ്ജമാക്കി പ്രവർത്തിപ്പിക്കൽ.

5. സ്ഥാപനങ്ങളിലും വീടുകളിലും കമ്പോസ്റ്റിംഗ് / ബയോഗ്യാസ് ഉപാധികൾ സ്ഥാപിച്ച് കൊടുക്കൽ, അവയുടെ പരിപാലനം, റിപ്പയറിംഗ്.

6. ഇവയിൽ നിന്നുള്ള ജൈവ വള വിപണനം.

7. പോർട്ടബിൾ കമ്പോസ്റ്റ് യൂണിറ്റുകൾ വാടകയ്ക്ക് നൽകൽ.

8. കോവിഡ്-19-മായി ബന്ധപ്പെട്ട അണുനശീകരണ ശുചീകരണ പ്രവർത്തനങ്ങൾ.

9. സി.എഫ്.എൽ.റ്റി.സി.കളിലെ ബയോമെഡിക്കൽ ഒഴികെയുള്ള മാലിന്യങ്ങളുടെ പരിപാലനം, ശുചീകരണം.

10. സ്വാപ്പ് ഷോപ്പ്.

11. റിപ്പയർ ഷോപ്പ്.

12. ഇക്കോ ഷോപ്പ് (പ്രകൃതി സൗഹൃദ വസ്തുക്കളുടെ വിപണന സെന്റർ).

13. പഴയതുണികൾ ശേഖരിച്ച് മാറ്റ്, ചവിട്ടി എന്നിവയുടെ നിർമ്മാണം.

14. അണുനാശിനികളുടെ നിർമ്മാണം.

15. പൊതുശുചിമുറികൾ, ടേക്ക്-എ-ബ്രേക്ക് കേന്ദ്രങ്ങൾ എന്നിവയുടെ ശുചീകരണം.

16. ജൈവ വളമുപയോഗിച്ചുള്ള പൂന്തോട്ട നിർമ്മാണം, കൃഷി

## 15. കൊറോണക്കാലത്തെ സുരക്ഷിത മാലിന്യ ശേഖരണം

### ഹരിതകർമ്മസേനയ്ക്കുള്ള വ്യക്തിഗത സുരക്ഷാ മാർഗ്ഗങ്ങൾ

കൊവിഡ്-19 വൈറസ് ബാധ പടർന്ന് പിടിക്കുന്ന സാഹചര്യമാണെങ്കിലും മാലിന്യ ശേഖരണം കൃത്യമായി നടത്തേണ്ടതുണ്ട്. ഇത്തരം സാഹചര്യത്തിൽ മാലിന്യ ശേഖരണ-പരിപാലന പ്രവർത്തനങ്ങളിലേർപ്പെട്ടിരിക്കുന്ന ഹരിതകർമ്മസേന അംഗങ്ങൾ നിർബന്ധമായും സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചിരിക്കേണ്ടതുണ്ട്. ആയവ ചുവടെക്കൊടുക്കുന്നു.

1. ഗ്ലൗസ്, മാസ്ക് എന്നിവ നിർബന്ധമായും ധരിക്കുക.
2. മാലിന്യം ശേഖരിക്കുമ്പോൾ വീട് / സ്ഥാപന ഉടമകളുമായി സമ്പർക്കം ഒഴിവാക്കുക.
3. യൂസർഫീസ് ഓൺലൈൻ ആയി ശേഖരിക്കുക.
4. പാഴ്‌വസ്തുക്കൾ ശേഖരിക്കുന്നതിന് മുമ്പ് 1 ശതമാനം സോഡിയം ഹൈപ്പോക്ലോറൈറ്റ് ലായനി സ്പ്രേ ചെയ്ത് അണുനശീകരണം നടത്തുക.
5. കോവിഡ് നിരീക്ഷണത്തിലുള്ളവരുടെ വീടുകളിൽ ആരോഗ്യ വകുപ്പിന്റെ നിബന്ധന പാലിച്ച് മാത്രം ശേഖരണം നടത്തുക.
6. രോഗവ്യാപന തീവ്രത നോക്കി മാത്രം ശേഖരണത്തിനുള്ള ഇടവേള നിശ്ചയിക്കുക.
7. എം.സി.എഫ്., ആർ.ആർ.എഫ്., വാഹനങ്ങൾ എന്നിവയിൽ സാമൂഹിക അകലം പാലിക്കുക.
8. ഷ്രെഡ്ഡിംഗ്, ബെയിലിംഗ് മെഷീനുകൾ, തരംതിരിക്കൽ കേന്ദ്രങ്ങൾ, വാഹനം, നിത്യോപയോഗ വസ്തുക്കൾ എന്നിവിടങ്ങളിൽ ഓരോ ദിവസവും അണുനശീകരണം നടത്തുക.

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

നം.ഡി.സി.1/282/2020/തസ്വഭവ
തദ്ദേശസ്വയംഭരണ (ഡി.സി.) വകുപ്പ്
തിരുവനന്തപുരം,
തീയതി: 29/07/2020

<u>സർക്കുലർ</u>

വിഷയം:- തദ്ദേശസ്വയംഭരണ വകുപ്പ് - തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേന അംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരള കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ - സംബന്ധിച്ച്.

സൂചന:- (1) സ.ഉ.(സാധാ) നം.2420/2017/തസ്വഭവ തീയതി 15.07.2017

(2) ക്ലീൻകേരള കമ്പനി മാനേജിംഗ് ഡയറക്ടറുടെ 16.07.2020-ലെ A30/CKCL/2020 നമ്പർ കത്ത്.

നവകേരളം കർമ്മ പദ്ധതിയുടെ ഭാഗമായുള്ള 4 വികസന മിഷനുകളിൽ ഒന്നായ ഹരിതകേരളം മിഷന്റെ ശുചിത്വ മാലിന്യ സംസ്കരണ ഉപമിഷന്റെ ഭാഗമായുള്ള ശുചിത്വ മാലിന്യ സംസ്കരണ ക്യാമ്പയിൻ നിർവ്വഹണ മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ചുകൊണ്ട് പരാമർശം (1) പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. വികേന്ദ്രീകൃത മാലിന്യ സംസ്കരണവുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ സ്ഥാപനതലത്തിൽ പാഴ്‌വസ്തുക്കളും മറ്റ് അജൈവ മാലിന്യങ്ങളും ശേഖരിച്ച് പുനഃചംക്രമണ ഏജൻസികൾക്ക് കൈമാറുന്നതിനും ഉചിതമായ സംസ്കരണ മാർഗ്ഗങ്ങൾ കണ്ടെത്തുന്നതിനും ക്ലീൻ കേരള കമ്പനിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അജൈവ മാലിന്യങ്ങളുടെ ശേഖരണം, സംഭരണം, തരംതിരിക്കൽ, കയ്യൊഴിയൽ എന്നിവയ്ക്കായി ഹരിതകർമ്മസേന, മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റി, റിസോഴ്സ് റിക്കവറി ഫെസിലിറ്റി എന്നിവ തദ്ദേശസ്ഥാപന തലത്തിൽ രൂപീകരിക്കുന്നതിനും നിർദ്ദേശം നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മ സേന അംഗങ്ങൾ ശേഖരിക്കുന്ന പാഴ്‌വസ്തുക്കൾ തരംതിരിച്ച് സൂക്ഷിക്കുന്നതിനും വിപണനം ചെയ്യുന്നതിനും ക്ലീൻ കേരള കമ്പനിയുടെ സേവനം ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുമായി ഇതോടൊപ്പം അനുബന്ധമായി ചേർത്തിട്ടുള്ള മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിക്കുന്നു.

**ആർ .എസ് .കണ്ണൻ**
**സ്പെഷ്യൽ സെക്രട്ടറി**

എക്സിക്യൂട്ടീവ് വൈസ് ചെയർപേഴ്സൺ, തിരുവനന്തപുരം.
നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ഗ്രാമവികസന കമ്മീഷണർ, തിരുവനന്തപുരം.
എക്സിക്യൂട്ടീവ് ഡയറക്ടർ, ശുചിത്വമിഷൻ, തിരുവനന്തപുരം.
മാനേജിംഗ് ഡയറക്ടർ, ക്ലീൻ കേരള കമ്പനി, തിരുവനന്തപുരം.
എല്ലാ മുനിസിപ്പാലിറ്റി/മുനിസിപ്പൽ കോർപ്പറേഷൻ സെക്രട്ടറിമാർക്കും (നഗരകാര്യ ഡയറക്ടർ മുഖേന)
എല്ലാ ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർക്കും (പഞ്ചായത്ത് ഡയറക്ടർ മുഖേന)
എല്ലാ ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറിമാർക്കും (ഗ്രാമവികസന കമ്മീഷണർ മുഖേന)
എല്ലാ ജില്ലാ പഞ്ചായത്ത് സെക്രട്ടറിമാർക്കും
വിവരപൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഓഫീസ് കോപ്പി / കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

Signature Not Verified
Digitally signed by SREEKANTH G
Date: 2020.07.20 14:06:42 IST
Reason: Approved

സെക്ഷൻ ഓഫീസർ.

പകർപ്പ് :
ബഹു.തദ്ദേശസ്വയംഭരണ വകുപ്പ് മന്ത്രിയുടെ പി.എസ്.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി (അർബൻ) യുടെ പി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയുടെ സി.എ.
തദ്ദേശസ്വയംഭരണ വകുപ്പ് ജോയിന്റ് സെക്രട്ടറിയുടെ സി.എ.

## ഗ്രാമ പഞ്ചായത്ത് / നഗരസഭകളുടെ ചുമതലകളും, ഉത്തരവാദിത്വങ്ങളും

1. എം.സി.എഫ്.കളുടെ നിർമ്മാണവും വൃത്തിയായുള്ള പരിപാലനവും സംബന്ധിച്ച ചുമതല തദ്ദേശസ്വയംഭരണസ്ഥാപനത്തിൽ നിക്ഷിപ്തമാണ്.
2. എം.സി.എഫ്.-ലേയ്ക്ക് ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ വൃത്തിയുള്ളവ ആയിരിക്കുമെന്ന് തദ്ദേശസ്വയംഭരണ സ്ഥാപനം ഉറപ്പാക്കേണ്ടതാണ്. ജൈവമാലിന്യങ്ങൾ കൂടിക്കലരാതെ അജൈവമാലിന്യങ്ങൾ മാത്രം ശേഖരിച്ച് എംസിഎഫ്-ൽ എത്തിക്കുവാനുള്ള ക്രമീകരണം ഉണ്ടാക്കേണ്ടതാണ്.
3. ഓരോ വാർഡിൽ നിന്നും അജൈവമാലിന്യം ശേഖരിക്കുന്നവർക്ക് പരിശീലനം നൽകേണ്ടതാണ്.
4. വീടുകളിൽനിന്ന് അജൈവമാലിന്യം ഹരിതകർമ സേന വഴി സമാഹരിക്കുന്ന തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ശ്രദ്ധിക്കേണ്ടത് :
   വീടുകളിൽ നിന്നും, സ്ഥാപനങ്ങളിൽ നിന്നും അജൈവമാലിന്യം ഹരിതകർമസേനകൾ വെവ്വേറെ തരംതിരിച്ച് ശേഖരിച്ച് എംസിഎഫ്-ൽ എത്തിക്കുന്നതിനും എംസിഎഫ്-ൽ ഇവ തരംതിരിച്ച് സൂക്ഷിക്കുന്നതിനുമുള്ള ക്രമീകരണം ഏർപ്പെടുത്തേണ്ടത് ഗ്രാമപഞ്ചായത്ത്/നഗരസഭയുടെ ഉത്തരവാദിത്തമാണ്.
5. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ ആവശ്യമായ സ്ഥലസൗകര്യം, അടിസ്ഥാനസൗകര്യം എന്നിവ ലഭ്യമാക്കേണ്ട ചുമതല തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.
6. പുന:ചക്രമണയോഗ്യമല്ലാത്ത മാലിന്യങ്ങൾ സംസ്കരിക്കുന്നതിനുള്ള തുക നിലവിലെ സർക്കാർ ഉത്തരവുകൾ അനുസരിച്ച് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണ്.
7. ഇ-വേസ്റ്റിൽ ഉൾപ്പെടുന്ന വിപൽകരമായ മാലിന്യങ്ങൾ, പുന:ചംക്രമണ സാധ്യതയില്ലാത്ത അജൈവമാലിന്യങ്ങൾ എന്നിവ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനുള്ള ചെലവ് സർക്കാർ കാലാകാലങ്ങളിൽ നിശ്ചയിക്കുന്ന നിരക്കിൽ തദ്ദേശസ്വയംഭരണ സ്ഥാപനം വഹിക്കേണ്ടതും തുക ക്ലീൻ കേരള കമ്പനിക്ക് കൈമാറേണ്ടതുമാണ്.
8. എം.സി.എഫ്.-കളുടെ ബന്ധപ്പെട്ട പ്രവർത്തന അനുമതികൾ (മലിനീകരണ നിയന്ത്രണ ബോർഡിന്റെ ഉൾപ്പെടെ) ലഭ്യമാക്കേണ്ട ചുമതല അതാത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാണ്.
9. തദ്ദേശസ്വയംഭരണസ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിൽ ഒരു ബെയിലിംഗ് മെഷീൻ സ്ഥാപിക്കുന്നതിനുള്ള നടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിക്കേണ്ടതാണ്.
10. ക്ലീൻ കേരള കമ്പനി മുഖേന 2018-19ന് മുൻപ് വാങ്ങിയിട്ടുള്ള ആർ.ആർ.എഫുകളിലെ

ഇടവേളകളിൽ നീക്കം ചെയ്യുന്നതിനുള്ള സംവിധാനങ്ങൾ ക്ലീൻ കേരള കമ്പനി ഒരുക്കേണ്ടതാണ്.

10.ക്ലീൻ കേരള കമ്പനി മുഖേന പ്രവർത്തിപ്പിക്കുന്ന ആർ.ആർ.എഫ്. യൂണിറ്റുകളുടെ പ്രവർത്തന പരിപാലനത്തിനായി ഹരിതകർമസേന സംരംഭക ഗ്രൂപ്പിനേയോ, കൺസോർഷ്യത്തിന്റെയോ, ആവശ്യമെങ്കിൽ മറ്റ് സ്വകാര്യ ഏജൻസികളെയോ കരാർ വ്യവസ്ഥകൾക്ക് അനുസൃതമായി ചുമതലപ്പെടുത്താവുന്നതാണ്.

11.തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മെറ്റീരിയൽ കളക്ഷൻ ഫെസിലിറ്റികളിലേക്ക് ശേഖരിക്കാൻ പാടില്ലാത്ത പാഴ്‌വസ്തുക്കളുടെ പട്ടിക തയാറാക്കി ക്ലീൻ കേരള കമ്പനി തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് നൽകേണ്ടതും, ഹരിതകർമസേന പ്രസ്തുത മാലിന്യങ്ങൾ ശേഖരിക്കുന്നില്ല എന്ന് ഉറപ്പുവരുത്തേണ്ടതുമാണ്.

<u>പൊതുനിർദ്ദേശങ്ങൾ</u>

1. ഹരിത കർമ്മ സേനയെ ആദായകരമായ സംരംഭമാക്കി മാറ്റുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ, അധിക വരുമാന സാധ്യതകൾ കണ്ടെത്താനുള്ള പ്രവർത്തനങ്ങൾ വികസിപ്പിക്കൽ, ആവശ്യമായ സ്കിൽ വികസിപ്പിക്കൽ തുടങ്ങി നിരന്തര പിൻതുണയും ഹാൻഡ് ഹോൾഡിംഗ് നടത്തുന്നതിനുമുള്ള ചുമതലയും കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർക്കും നഗര പ്രദേശങ്ങളിൽ സിറ്റി മിഷൻ കോ-ഓർഡിനേറ്റർക്കും ആയിരിക്കും.
2. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ മാലിന്യ ശേഖരണം ജില്ലതലത്തിൽ വിലയിരുത്തുന്നതിന് റീജിയണൽ ജോയിന്റ് ഡയറക്ടർ നഗരകാര്യ വകുപ്പ്, ഡെപ്യൂട്ടി ഡയറക്ടർ പഞ്ചായത്ത് വകുപ്പ്, അസിസ്റ്റന്റ് ഡെവലപ്മെന്റ് കമ്മീഷണർ (ജനറൽ), ശുചിത്വ മിഷൻ ജില്ല കോ-ഓർഡിനേറ്റർ, ഹരിതകേരളം മിഷൻ ജില്ല കോ-ഓർഡിനേറ്റർ, കുടുംബശ്രീ മിഷൻ ജില്ല കോ-ഓർഡിനേറ്റർ, എൻ.യു.എൽ.എം സിറ്റി മിഷൻ മാനേജർ, ക്ലീൻ കേരള കമ്പനിയിലെ ജില്ലയുടെ ചുമതലയുള്ള അസി. മാനേജർ, കുടുംബശ്രീ മിഷൻ ബ്ലോക്ക് കോ-ഓർഡിനേറ്റർ എന്നിവർ ഉൾപ്പെടുന്ന സമിതി രൂപീകരിക്കേണ്ടതാണ്. ജില്ലാ ഏകോപന സമിതിയുടെ കൺവീനർ ഹരിത കേരളം മിഷൻ കോ-ഓഡിനേറ്ററായിരിക്കും.
3. ക്യാമ്പയിനുകൾ പ്രകാരമുള്ള മാലിന്യ ശേഖരണം, സംസ്കരണം എന്നിവ സർക്കാർ ഉത്തരവുകൾക്കും സർക്കുലറുകൾക്കും നിർദ്ദേശങ്ങൾക്കും അനുസൃതമായി മാത്രമേ നടത്തുവാൻ പാടുള്ളൂ. ഇപ്രകാരം നടത്തുന്ന മാലിന്യ ശേഖരണ പ്രവൃത്തികൾക്ക് സർക്കാർ നിശ്ചയിക്കുന്ന തുക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ക്ലീൻ കേരള കമ്പനിക്ക് നൽകേണ്ടതാണ്.
4. ആർ.ആർ.എഫ്.-കൾ സ്ഥാപിക്കുന്നതിന് ആവശ്യമായ സ്ഥിരമായതോ, താത്കാലികമായതോ ആയ കെട്ടിട സൗകര്യം ഇതിലേക്കാവശ്യമായ വൈദ്യുതി, വെള്ളം, മറ്റ് അടിസ്ഥാന സൗകര്യങ്ങൾ ജില്ല / ബ്ലോക്ക് പഞ്ചായത്തുകൾ, നഗരസഭകൾ ലഭ്യമാക്കേണ്ടതാണ്.
5. ഹരിതകർമ്മസേനയുടെ പ്രവർത്തനം ഉറപ്പാക്കൽ, എം.സി.എഫ്/ആർ.ആർ.എഫ് എന്നിവ സ്ഥാപിക്കുന്നതിന് ആവശ്യമായ നേതൃത്വപരമായ പങ്ക് വഹിക്കൽ എന്നിവ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർവ്വഹിക്കേണ്ടതാണ്.

6. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഹരിതകർമ്മസേനയുടെ പ്രവർത്തനങ്ങളുടെ മേൽനോട്ടം കുടുംബശ്രീ ബ്ലോക്ക് കോ-ഓർഡിനേറ്റർമാർക്കായിരിക്കും (എം.സി.എഫുകളിൽ ശേഖരിക്കുന്ന പാഴ്വസ്തുക്കളുടെ തരംതിരിക്കൽ പ്രവർത്തനങ്ങൾ ഉൾപ്പെടെയുള്ളവയുടെയുള്ളവ). ഇതിനായുള്ള നിർദ്ദേശങ്ങൾ കുടുംബശ്രീ മിഷൻ നൽകേണ്ടതാണ്.

<u>**എം.സി.എഫ്.ലേയ്ക്ക് ഹരിതകർമ്മ സേന വഴി ശേഖരിക്കാവുന്ന അജൈവമാലിന്യങ്ങളുടെ പട്ടികയും, വിവരണവും.**</u>

1. 50 മൈക്രോണിൽ കുറഞ്ഞ പ്ലാസ്റ്റിക് ഉൽപ്പന്നങ്ങൾ (ക്യാരിബാഗുകൾ, നിലവാരം കുറഞ്ഞ പ്ലാസ്റ്റിക്കുകൾ, ടോയ്സ്, നിലവാരം കുറഞ്ഞ സ്ലിപ്പുകൾ, പാക്കിംഗ് മെറ്റീരിയൽസ് മുതലായവ).
2. പുന:ചംക്രമണ സാധ്യതയുള്ള 50 മൈക്രോണിന് മുകളിലുള്ള പ്ലാസ്റ്റിക്കുകൾ (പാൽകവർ, പെറ്റ് ബോട്ടിലുകൾ, ഗാർഹികാവശ്യത്തിനുപയോഗിക്കുന്ന അണുനാശിനികൾ വരുന്ന ബോട്ടിലുകൾ, വിവിധയിനം സ്പ്രേകൾ, അലുമിനിയം കാനുകൾ, കട്ടികൂടിയ കവറുകൾ, പൊട്ടിയ ബക്കറ്റുകൾ, പ്ലാസ്റ്റിക് പാത്രങ്ങൾ, പ്ലാസ്റ്റിക് ഫർണിച്ചറുകൾ, ടോയ്സ് മുതലായവ).
3. തുകൽ ഉൽപ്പന്നങ്ങൾ (ചെരുപ്പുകൾ, ബാഗുകൾ, റബ്ബർ ഉൽപ്പന്നങ്ങൾ, ടയറുകൾ, കുപ്പിചില്ലുകൾ, പൊട്ടിയ പാത്രങ്ങൾ (സ്റ്റീൽ, അലുമിനിയം, ഇരുമ്പ് ഉൾപ്പെടെ) കാർഡ് ബോർഡുകൾ, കാർട്ടണുകൾ, ന്യൂസ് പേപ്പർ ഉൾപ്പെടെ പേപ്പർ കൊണ്ടുള്ള ഉൽപന്നങ്ങൾ.
4. മരുന്ന് സ്ലിപ്പുകൾ, ടൂത്ത്പേസ്റ്റ് ട്യൂബുകൾ, സൗന്ദര്യ വർദ്ധക സാമഗ്രികൾ അടക്കമുള്ള പലവിധ നിത്യോപയോഗ വസ്തുക്കളുടെ ട്യൂബുകളും, കവറുകളും.
5. ഇലക്ട്രോണിക് മാലിന്യങ്ങൾ.
6. ടയർ, റബ്ബർ ഉൽപന്നങ്ങൾ.
7. ടെട്രാപാക്ക് കവറുകൾ
8. തെർമോക്കോൾ
9. വിവിധതരം ലോഹങ്ങൾ
10. മദ്യ/ബീർകുപ്പികൾ ബിയർ കാനുകൾ

<u>**പുന:ചംക്രമണ സാധ്യതയുള്ള ഇലക്ട്രോണിക് മാലിന്യങ്ങൾ**</u>

| | |
|---|---|
| 1. CPU with all accessories | 2. Water Heater, |
| 3. LCD/LED and CRT Monitors, | 4. Electronic stove /Induction Cooker |

| | |
|---|---|
| 5. Laptops, | 6. AC |
| 7. Servers | 8. Chargers, |
| 9. Hard disks, | 10. Air Cooler, |
| 11. RAM, | 12. Radio/tape recorder, |
| 13. PCB boards, | 14. Ceiling Fan |
| 15. CD Drive, | 16. Pedestal/Table Fans, |
| 17. UPS, | 18. CD / DVD player, |
| 19. Cables, | 20. Lead Acid batteries , |
| 21. Keyboard, | 22. VCR, |
| 23. Mouse, | 24. Telephone, |
| 25. Fax machine, | 26. Mobile Phone, |
| 27. Printer, | 28. Connector , |
| 29. Projector, | 30. Thumb drives, |
| 31. Photo Copy Machine, | 32. Power control units, |
| 33. Scanner and all type of IT accessories | 34. Handsets, |
| 35. Home appliances | 36. Motors |
| 37. Refrigerator, | 38. Calculators etc |
| 39. Washing machine, | 40. Chokes |
| 41. Television, | 42. Broken IT material and electronic peripherals |
| 43. Iron Box, | 44. Sound systems |

**<u>ഇ-വേസ്റ്റിൽഉൾപ്പെടുന്ന വിപൽകരമായ മാലിന്യങ്ങൾ</u>**

| | |
|---|---|
| 1. CFLs, | 2. DVDs |
| 3. Tube lights | 4. Magnetic Tapes |
| 5. Floppies | 6. Light fittings |
| 7. Used Toner Cartridges | 8. Reels |
| 9. Toys | 10. Picture tubes |
| 11. CDs | 12. Broken television |
| 13. Emergency Lamp | 14. Cannibalized broken IT material and electric parts |

**എം.സി.എഫ്.ലേയ്ക്ക് എത്തിക്കാൻ പാടില്ലാത്തത്**

ജൈവമാലിന്യങ്ങൾ, ഭക്ഷണാവശിഷ്ടങ്ങൾ, അറവുശാലാ മാലിന്യങ്ങൾ, പൗൾട്രിഫാം മാലിന്യങ്ങൾ, മാർക്കറ്റ് വേസ്റ്റ്, രാസപദാർത്ഥങ്ങളോ, രാസപദാർത്ഥങ്ങൾ അടങ്ങിയ ബോട്ടിലുകളോ, ട്യൂബുകൾ, സ്ഫോടക വസ്തുക്കൾ, മണ്ണെണ്ണ, പെട്രോൾ, ഡീസൽ മുതലായവ അടങ്ങിയിട്ടുള്ള ബോട്ടിലുകൾ, സാനിട്ടറി നാപ്കിൻസ്, ഡയപ്പേഴ്സ്, ഗാർഹിക മെഡിക്കൽ വേസ്റ്റ് മുതലായവയും ജൈവസ്വഭാവമുള്ള മറ്റെല്ലാ മാലിന്യങ്ങളും. ഏതെങ്കിലും കാരണവശാൽ ഇത്തരം മാലിന്യം എത്തിച്ചേരുകയാണെങ്കിൽ അവ ക്ലീൻകേരള കമ്പനി സ്വീകരിക്കുകയില്ല.

**എം.സി.എഫ്.ലേയ്ക്ക് അജൈവമാലിന്യങ്ങൾ ശേഖരിക്കേണ്ട വിധം**

1. എം.സി.എഫ്-ലേക്ക് ശേഖരിക്കുന്ന അജൈവമാലിന്യങ്ങൾ വൃത്തിയുള്ളതായിരിക്കണം.
2. ജൈവമാലിന്യങ്ങൾ കലർന്നിട്ടുള്ള അജൈവമാലിന്യങ്ങൾ എം.സി.എഫ്-ലേക്ക് എത്തിക്കുവാൻ പാടുള്ളതല്ല.
3. ശേഖരിക്കുന്ന അജൈവമാലിന്യങ്ങളിൽ പ്ലാസ്റ്റിക് മാലിന്യങ്ങൾ, പേപ്പറുകൾ, ഇലക്ട്രോണിക് മാലിന്യങ്ങൾ, ഗ്ലാസുകൾ എന്നിവ പ്രത്യേകമായും മറ്റ് അജൈവ മാലിന്യങ്ങൾ ഒരുമിച്ചും ശേഖരിക്കാവുന്നതാണ്.
4. വീടുകളിൽ നിന്നും ശേഖരിക്കുന്ന വേളയിൽ തന്നെ തരംതിരിച്ച് ശേഖരിക്കുന്നതാണ് അഭികാമ്യം.
5. എംസിഎഫ്-ൽ മേൽ പ്രസ്താവിച്ച രീതിയിൽ എത്തിക്കുന്ന പ്ലാസ്റ്റിക് മാലിന്യങ്ങളിൽ നിലവാരം കുറഞ്ഞതും, ഷ്രെഡ്ഡിംഗിന് ഉപയോഗിക്കുന്നതുമായ പ്ലാസ്റ്റിക് മാലിന്യങ്ങൾ പ്രത്യേകമായും ബാക്കിയുള്ള പ്ലാസ്റ്റിക് മാലിന്യങ്ങൾ തരംതിരിച്ചും സൂക്ഷിക്കേണ്ടതാണ്.
6. ജൈവമാലിന്യങ്ങൾ കലർന്നിട്ടുള്ള അജൈവമാലിന്യങ്ങൾ യാതൊരുകാരണവശാലും ആർ.ആർ.എഫ്-ലേയ്ക്ക് എത്തിക്കാൻ പാടില്ല.
7. എം.സി.എഫ്ലേയ്ക്ക് എത്തിക്കുവാൻ പാടില്ലാത്തതായി പ്രസ്താവിച്ചിട്ടുള്ള മാലിന്യങ്ങൾ യാതൊരു കാരണവശാലും എം.സി.എഫ്-ൽ ശേഖരിച്ച് സൂക്ഷിക്കുവാൻ പാടുള്ളതല്ല.




മിനി എം.സി.എഫ്. - തിരുവനന്തപുരം മുനിസിപ്പൽ കോർപ്പറേഷൻ



ആർ.ആർ.എഫ്. - നെടുമങ്ങാട് ബ്ലോക്ക് പഞ്ചായത്ത്

# കൊല്ലം




ആർ.ആർ.എഫ്. പുനലൂർ നഗരസഭ



മിനി എം.സി.എഫ്. - കടയ്ക്കൽ ഗ്രാമപഞ്ചായത്ത്




എം.സി.എഫ്. – കുളനട ഗ്രാമപഞ്ചായത്ത്




എം.സി.എഫ്. – പത്തനംതിട്ട നഗരസഭ



എം.സി.എഫ്. – തുമ്പമൺ ഗ്രാമപഞ്ചായത്ത്





എം.സി.എഫ്. - ആര്യാട് ഗ്രാമപഞ്ചായത്ത്



എം.സി.എഫ്. - കുമാരപുരം ഗ്രാമപഞ്ചായത്ത്




എം.സി.എഫ്. – വൈക്കം നഗരസഭ



ആർ.ആർ.എഫ്. – കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്ത്




മിനി എം.സി.എഫ്. – കടപ്ലാമറ്റം ഗ്രാമപഞ്ചായത്ത്




ആർ.ആർ.എഫ്. - അടിമാലി ഗ്രാമപഞ്ചായത്ത്



എം.സി.എഫ്. - കരുണാപുരം ഗ്രാമപഞ്ചായത്ത്.





ആർ.ആർ.എഫ്. - നെടുങ്കണ്ടം ഗ്രാമപഞ്ചായത്ത്

# എറണാകുളം



ആർ.ആർ.എഫ്. - പുതൃക്ക ഗ്രാമപഞ്ചായത്ത്







എം.സി.എഫ്. - ആമ്പല്ലൂർ ഗ്രാമപഞ്ചായത്ത്

## തൃശൂർ



എം.സി.എഫ്. - തെക്കുംകര ഗ്രാമപഞ്ചായത്ത്



എം.സി.എഫ്. - കുന്നംകുളം നഗരസഭ




എം.സി.എഫ്. - ചാവക്കാട് നഗരസഭ

## പാലക്കാട്




എം.സി.എഫ്. - പാലക്കാട് നഗരസഭ



എം.സി.എഫ്. - കൊങ്ങാട് ഗ്രാമപഞ്ചായത്ത്



എം.സി.എഫ്. - പെരുവമ്പ് ഗ്രാമപഞ്ചായത്ത്

# മലപ്പുറം




എം.സി.എഫ്. - മലപ്പുറം നഗരസഭ




എം.സി.എഫ്. - കരുളായി ഗ്രാമപഞ്ചായത്ത്



ആർ.ആർ.എഫ്. - മങ്കട ബ്ലോക്ക് പഞ്ചായത്ത്

# കോഴിക്കോട്






ആർ.ആർ.എഫ്. – വടകര നഗരസഭ



എം.സി.എഫ്. – അഴിയൂർ ഗ്രാമപഞ്ചായത്ത്

## വയനാട്



എം.സി.എഫ്. -പുൽപ്പള്ളി ഗ്രാമപഞ്ചായത്ത്



ഹരിതകർമ്മ സേനാംഗങ്ങൾ - കോട്ടത്തറ ഗ്രാമപഞ്ചായത്ത്



എം.സി.എഫ്. - കോട്ടത്തറ ഗ്രാമപഞ്ചായത്ത്

## കണ്ണൂർ



എം.സി.എഫ്. –പടിയൂർ ഗ്രാമപഞ്ചായത്ത്




എം.സി.എഫ്. – കുറ്റ്യാട്ടൂർ ഗ്രാമപഞ്ചായത്ത്




ചൂലേന്തിയ കാക്ക – തളിപ്പറമ്പ നഗരസഭാ

## കാസർകോഡ്



എം.സി.എഫ്. - കാഞ്ഞങ്ങാട് നഗരസഭ



ആർ.ആർ.എഫ്. - കിനാനൂർ കരിന്തളം ഗ്രാമപഞ്ചായത്ത്



ആർ.ആർ.എഫ്. - ബേഡഡുക്ക ഗ്രാമപഞ്ചായത്ത്

# പത്രവാർത്തകളിലൂടെ



അജൈവ മാലിന്യ ശേഖരണത്തിൽ ശ്രദ്ധേയമായ മാതൃകയായി ചോറ്റാനിക്കര പഞ്ചായത്ത്

ഹരിത കർമ സേനയുടെ പ്രവർത്തനം വീടുകളിലേക്കും

ഗ്രീൻ പട്ടാമ്പി ക്ലീൻ പട്ടാമ്പി
വാർഡുകളിലെ അജൈവമാലിന്യം ശേഖരിക്കാൻ ഹരിതകർമസേന

ആരോഗ്യ ബോധവത്കരണ പരിശീലന ക്ലാസ്സ് സംഘടിപ്പിച്ചു

ഇനി നോ വേസ്റ്റ് ഒപ്പം വിജയവും

ശുചിത്വ സുന്ദര നഗരം

'പ്ലാസ്റ്റിക് വിമുക്ത അലനല്ലൂർ' പദ്ധതിക്ക് ഇന്നുതുടക്കം

മാലിന്യം ശേഖരിക്കാൻ ആപ് സഹായം

ചില്ലും ചെരിപ്പും നാട് കടന്നു
കാണൂ; കാഞ്ഞങ്ങാട് ക്ലീൻ


മങ്കട സമ്പൂർണ പ്ലാസ്റ്റിക് നിരോധിത മേഖലയാകുന്നു


അജൈവ മാലിന്യ നിർമാർജനത്തിന് പുതുവഴികൾ തുറന്ന് തൃക്കരിപ്പൂർ

നെല്ലിയടുക്കം പ്ലാസ്റ്റിക് ഷ്രെഡിങ് യൂണിറ്റ് സജ്ജമായി

ഹരിതകർമ്മ സേന പറയുന്നു
ഇവിടെ മാലിന്യം ധനം

പ്ലാസ്റ്റിക് മാലിന്യം സംസ്കരിച്ച് റോഡ് നിർമാണത്തിനു കൈമാറി


Mahindra



## ഹരിത ശൃംഖല

വീടുകൾ, സ്ഥാപനങ്ങൾ

↓

പ്രാഥമിക തരംതിരിക്കൽ

↓

തരംതിരിച്ച വൃത്തിയുള്ള
പാഴ്‌വസ്തുക്കൾ

↓

ഹരിതകർമ്മ സേന

↓

ശേഖരണം

↓

മിനി എം.സി.എഫ്.

↓

എം.സി.എഫ്.

↓

ആർ.ആർ.എഫ്.

↓

പുനഃചംക്രമണം

↓

പുനരുപയോഗം




SUCHITWA MISSION
LOCAL SELF GOVERNMENT DEPARTMENT KERALA

Swaraj Bhavan, Base Floor (-1),
Nanthencode, Kowdiar PO,
Thiruvananthapuram - 695 003
Phone : 0471-2319831, 0471-2316730
Email : sanitation.sm@kerala.gov.in
website : www.sanitation.kerala.gov.in